പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കുവാൻ നിർദ്ദേശം

15 [*282] ശ്രീ. സി. പി. മുഹമ്മദ് :

,, എം. പി. ഗംഗാധരൻ :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നുറപ്പാക്കുന്നുണ്ടോ ;

(സി) ഈ നിർദ്ദേശങ്ങൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളുടെ പരാതിയിൻമേൽ കൃത്യവും, സത്യസന്ധവുമായ നടപടി കൈക്കൊള്ളുന്നതിനും, സ്ത്രീകളുടെ പരാതികളിൻമേൽ തൽക്ഷണം പരിഹാരം കാണുന്നതിനും അവരോട് മര്യാദയായി പെരുമാറുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പൊതുപ്രവർത്തകരോട് മാന്യമായി പെരുമാറാനും അവരുടെ പരാതികളിൽ നീതിയുക്തമായ നടപടികൾ ഉടൻ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ടെലിഫോൺ കാൾ സ്വീകരിക്കുന്ന ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് 'നമസ്കാരം' എന്ന് അഭിസംബോധന ചെയ്യേണ്ടതും, ഉദ്യോഗസ്ഥന്റെ പേരും, റാങ്കും പ്രത്യേകം പറയുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിക്കാരായി വരുന്ന പൊതുജനങ്ങൾക്ക് ഇരിക്കുന്നതിനുവേണ്ട സൗകര്യവും, കുടിക്കുന്നതിന് ശുദ്ധജലവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാതികളിന്മേൽ രസീതുകൾ നൽകുന്നതിനും കേസുകൾ രജിസ്റ്റർ ചെയ്താൽ എഫ്.ഐ.ആറിന്റെ കോപ്പി നൽകുന്നതിനും പ്രതികളെ അറസ്റ്റുചെയ്യുന്ന അവസരത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് കൃത്യമായി പാലിക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ/സിറ്റി പോലീസ് അധികാരികൾ അദാലത്തുകൾ നടത്തിപരാതികൾ സ്വീകരിക്കുകയും സത്വര നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 57 പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ സമ്പ്രദായം ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും അവ തിരുവനന്തപുരം സിറ്റി ഒഴികെയുള്ള ജില്ലകളിൽ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. 57 പോലീസ് സ്റ്റേഷന്റെ പേരും ജില്ലയും അനുബന്ധമായി ചേർത്തിരിക്കുന്നു. †

അഴിമതി നിരോധനത്തിന്റെ ഭാഗമായി പണമോ, പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണെന്നും ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ടവരെ അറിയിക്കണമെന്ന് കാണിച്ച് ബോർഡുകൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പോലീസുദ്യോഗസ്ഥർക്ക് സമയബന്ധിതമായി വിവിധ പരിശീലന പരിപാടികൾ കൊടുക്കുവാനും അവരെ കർമ്മനിരതരാക്കുവാനുംവേണ്ടി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ കാലാകാലങ്ങളിൽ പോലീസ് ആസ്ഥാനത്തുനിന്ന് പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കുന്നതിന് വേണ്ടി സർക്കുലറുകളും എക്സിക്യൂട്ടീവ് ഡയറക്ടീവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉന്നത ഉദ്യോഗസ്ഥർ സമയാസമയങ്ങിൽ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്.

(സി) മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം (സി).യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പി.എസ്.സി. പരീക്ഷകൾ പരിഷ്കരിക്കാൻ നടപടി

16 [*283] ശ്രീ. വി. ചെന്താമരാക്ഷൻ :

" എം. വി. ഗോവിന്ദൻ മാസ്റ്റർ :

" സാജു പോൾ :

" കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ, ഇന്റർവ്യൂ എന്നിവയ്ക്ക് കാലോചിതവും ശാസ്ത്രീയവുമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) സെലക്ഷൻ കാര്യങ്ങളിൽ ഇന്ന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ നിലവാരം അഖിലേന്ത്യാ മത്സര പരീക്ഷകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ, ഇന്റർവ്യൂ എന്നിവയ്ക്ക് മാറ്റം വരുത്തുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് പി. എസ്. സി. തന്നെയാണ്.

(ബി) എഴുത്തുപരീക്ഷ, ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ കാലതാമസമില്ലാതെ നടത്തുവാനുള്ള സമയബന്ധിതമായ പരിപാടി കമ്മീഷൻ തയ്യാറാക്കി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

(സി) ആന്റ് (ഡി) പി.എസ്.സി.യിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly